For Private Circulation Only

July 2019

ആഗമനാദുതൻ

Vol.66

“ ആകയാൽ നിങ്ങളുടെ മനസ്സു ഉറപ്പിച്ചു നിർമ്മദരായി യേശുക്രിസ്തുവിന്റെ.....
പ്രത്യാശ വെച്ചു കൊൾവിൻ” (1പത്രൊ. 1:12)

No.7

ദൈവത്തിന്റെ പരമാധികാരം

By Arthur W.Pink

ദൈവവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ഓരോ സത്യവും അത് നമുക്ക് വെറും സൂചനകളായി മാത്രമല്ല പിന്നെയോ അവ നമ്മുടെ ധൈര്യത്തിനും കൂടെ വേണ്ടിയുള്ളതാണ്. വേദപുസ്തകം നൽകപ്പെട്ടിരിക്കുന്നത് നമ്മുടെ ആകാംഷകൾക്ക് മറുപടിയായിട്ടല്ല, പിന്നെയോ ഓരോ വായനക്കാരന്റെയും ആത്മീക വർദ്ധനയ്ക്കുവേണ്ടിയാണ്. ദൈവത്തിന്റെ പരമാധികാരം എന്നത് ദൈവത്തിന്റെ ആധിപത്യത്തെ സംബന്ധിച്ച യുക്തി പൂർവ്വമായ ഒരു തത്വത്തെക്കാൾ ഉന്നതമാണ്. മനുഷ്യരിൽ ദൈവഭയമുളവാക്കുവാനായി അത് രൂപകല്പന ചെയ്തിരിക്കുന്നു. നാം നീതിയോടെ ജീവിക്കേണ്ടതിന് അത് നൽകപ്പെട്ടരിക്കുന്നു. നമ്മുടെ മത്സരമുള്ള ഹൃദയങ്ങളെ ദൈവമുമ്പാകെ താഴ്ത്തുവാൻ വേണ്ടി അത് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ പരമാധികാരത്തെ അംഗീകരിക്കുക എന്നു പറഞ്ഞാൽ നമ്മുടെ ഇഷ്ടത്തെക്കാൾ ദൈവത്തിന്റെ ഇഷ്ടത്തെ അംഗീകരിക്കയും ദൈവമുമ്പാകെ നമ്മെത്തന്നെ താഴ്ത്തുകയും ചെയ്യുക എന്നതാണ്. നമ്മുടെ ഹൃദയങ്ങളെ ദൈവമുമ്പാകെ താഴ്ത്തുക എന്നതാണ്. നമ്മുടെ സ്വന്ത ഇഷ്ടങ്ങളെ വിട്ടുകളഞ്ഞ് ദൈവത്തിന്റെ ഇഷ്ടത്തിന് നമ്മെ ഒരുക്കി ഏല്പിക്കുക എന്നതാണ്.

ദൈവത്തിന്റെ പരമാധികാരത്തെക്കുറിച്ച് സംസാരിക്കുമ്പോൾ നാം അർത്ഥമാക്കുന്നത് ദൈവത്തിന്റെ ഭരണപരമായ അധികാരത്തെയും ശക്തിയെയും കുറിച്ചാണെങ്കിലും, നിശ്ചയമായും അത് ഒരു അനുഭവം കൂടെയാണ്. ദൈവത്തിന്റെ പരമാധികാരം എന്നത് ദൈവത്തിന്റെ ദൈവത്വം ആണ്. അതിന്റെ പൂർണ്ണമായും ആഴമായും ഉള്ള അർത്ഥം എന്നത്, ദൈവം തന്റെ സന്തോഷവും ഇഷ്ടവും പ്രദർശിപ്പിച്ചിരിക്കുന്നു എന്നതാണ്. യഥാർത്ഥമായി ദൈവത്തിന്റെ പരമാധികാരത്തെ അംഗീകരിക്കുക എന്നു പറഞ്ഞാൽ ദൈവത്തിന്റെ പരമാധികാരത്തിന് വിധേയപ്പെടുക എന്നതാണ്. ഉയരത്തിലെ അധികാരത്തിന് വിധേയപ്പെടുക എന്നതാണ്. തന്റെ മഹത്വത്തിൽ വലിയവനായ ദൈവത്തിന്റെ അധികാരത്തിന് പൂർണ്ണമായി സമർപ്പിക്കപ്പെടുന്നു എന്ന അർത്ഥമാണിവിടെയുള്ളത്.

അതിന്റെ സ്വാധീനങ്ങൾ അനുഭവിച്ച ചില വ്യക്തികളെക്കുറിച്ചു തിരുവചനം പറയുന്നത് ശ്രദ്ധേയമാണ്. ഉദാഹരണത്തിന് ദാനിയേലിനെ നോക്കാം. ഈ ദൈവമനുഷ്യൻ തന്റെ ജീവിതത്തിൽ ദൈവത്തിന്റെം പ്രത്യക്ഷതകളെ ജീവിതത്തിൽ നേരിടുകയാണ്. ദൈവം തന്റെ ദാസന് മനുഷ്യവേഷത്തിൽ പ്രത്യക്ഷപ്പെടുകയാണ്... ഞാൻ ഹിദയ്ക്കൽ എന്ന മഹാനദീതീരത്ത് ഇരിക്കയിൽ തലപൊക്കി നോക്കിയപ്പോൾ ശണവസ്ത്രം ധരിച്ചും അരയ്ക്ക് ഊഫാസ് തങ്കം കൊണ്ടുള്ള കച്ച കെട്ടിയും ഇരിക്കുന്ന ഒരു പുരുഷനെകണ്ടു ”. (ദാനി. 10:4,5).യ ദൈവഹമത്വത്തിന്റെയും വിശുദ്ധിയുടെയും ഒരു സാദൃശ്യമാണ് ഇവിടെ കാണുന്നത്. വീണ്ടും നാം വായിക്കുന്നത്. അവന്റെ ദേഹം ഗോമേദകം പോലെയും മുഖം മിന്നൽ പ്രകാശം പോലെ യും കണ്ണുതീപ്പന്തംപോലെയും ഭുജങ്ങളും കാലുകളും മിനുക്കിയ താമ്രത്തിന്റെ വർണ്ണം പോലെ യും അവന്റെ വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിന്റെ ആരവം പോലെ യും ആയിരുന്നു (വാ.6).

ദാനിയേൽ തന്റെ ദർശനത്തെക്കുറിച്ചും തന്റെ കൂടെയുണ്ടായിരിന്നവരെക്കുറിച്ചും പറയുന്നു. ദാനിയേൽ എന്ന ഞാൻ മാത്രം ഈ ദർശനം കണ്ടു. എന്നോട് കൂടെയുണ്ടായിരുന്ന ആളുകൾ ദർശനം കണ്ടില്ല. എങ്കിലും ഒരു മഹാഭ്രമം അവർക്ക് പിടിച്ചിട്ട് അവർ ഓടിയൊളിച്ചു. അങ്ങനെ ഞാൻ തനിച്ച് ശേഷിച്ചിരുന്നു ഈ മഹാ ദർശനം കണ്ടു; എന്നിൽ ഒട്ടും ബലം ശേഷിച്ചിരുന്നില്ല. എന്റെ മുഖശോഭ ക്ഷയിച്ചുപോയി. എനിക്ക് ഒട്ടും ബലം ഇല്ലാതെയും ആയി”. (ദാനി. 10:7,8,9)

സർവ്വശക്തനായവനും പരമാധികാരിയുമായ ദൈവത്തിന്റെ മുമ്പാകെ സമ്പൂർണ്ണമായി സമർപ്പിക്കുവാനുള്ള ഒരു ദർശനമാണ്. ഞങ്ങൾക്കുണ്ടായത്. അങ്ങനെയെങ്കിൽ ആ ദൈവത്തോടുള്ള നമ്മുടെ മനോഭാവമെന്തായിരിക്കണം അതിനു മറുപടി പറയുന്നു.

1. ദൈവഭയം

എന്തുകൊണ്ടാണ് ഇന്ന് ആളുകൾ ആത്മീക കാര്യങ്ങൾക്കോ നിത്യതയ്ക്കോ പ്രാധാന്യം കൊടുക്കാതെ ദൈവത്തെ സ്നേഹിക്കുന്നതിന് പകരം ലോകത്തെ സ്നേഹിക്കുന്നവരായിപ്പോകുന്നത്? എന്തുകൊണ്ടാണ് മനുഷ്യനിൽ ദൈവനിഷേധവും സ്വർഗ്ഗത്തെ നിഷേധിക്കുന്നതും കൂടുതൽ പരസ്യമായും അതിന് പരിശ്രമിക്കുന്നതായും കാണുന്നത്? കാരണം “ അവരുടെ ദൃഷ്ടിയിൽ ദൈവഭയം ഇല്ല ” (റോമർ.3:18). വീണ്ടും നാം ചിന്തിക്കുമ്പോൾ എന്തുകൊണ്ടാണ് ദൈവവചനത്തിന്റെ ആധികാരികതയെ വിലകുറച്ചു കാണുന്നത്. എന്തുകൊണ്ടാണ് ദൈവജനം എന്നഭിമാനിക്കുന്നവരുടെ ഇടയിൽ പോലും സമർപ്പണമില്ലാത്തവരായി കാണപ്പെടുന്നത്. എന്നാൽ ദൈവം ഭയപ്പെടുവാനും ബഹുമാനിക്കപ്പെടുവാനും യോഗ്യനായ ദൈവം തന്നെ.

(ശേഷം 5-ാംപേജിൽ)

ബേസിൽ മാലോഫ് കിഴക്കൻ യൂറോപ്പിലേക്ക് പോയ ഒരു അപ്പോസ്തലൻ part -3

By James A Stewart (1910-1975)

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ലാത്വിയ സ്വദേശിയായ ബേസിൽ മാലോഫ് അടിമകളായിപ്പാർക്കുന്നവരുടെയിടയിൽ സുവിശേഷം അറിയിക്കുവാൻ ദൈവത്താൽ വിളിക്കപ്പെട്ടു. മോസ്കോയിൽ വേല ചെയ്യുമ്പോൾ ഓർത്തഡോക്സ് സഭക്കാരുടെ എതിർപ്പിനെ നേരിടേണ്ടി വന്നു, അറസ്റ്റ് ചെയ്യപ്പെടുകയും റഷ്യയിൽ നിന്നും ഓടിപ്പോകയും ചെയ്യേണ്ടി വന്നു. ഓടിപ്പോക്കിനന്തരമായി ഒന്നാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. ആയിരക്കണക്കിന് റഷ്യൻ പടയാളികൾ ജർമൻ ജയിലുകളായി. റഷ്യൻ പടയാളികളാൽ നിഷ്കാസിതനായി മാലോഫ് ജയിലിലടയ്ക്കപ്പെട്ടിരിക്കുന്ന തന്റെ ദേശവാസികളെ സുവിശേഷം അറിയിക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുവാനായി അമേരിക്കയിലേയ്ക്ക് പോയി. 120000-ൽ അധികം ഡോളർ വേഗത്തിൽ താൻ സ്വരൂപിച്ചു. ലഘുലേഖകളും പുതിയ നിയമങ്ങളും റഷ്യൻ ഭാഷയിൽ അച്ചടിച്ച് ജർമ്മൻ ജലിയുകളിൽ കിടക്കുന്ന റഷ്യൻ പടയാളികളിലെത്തിച്ചു. ഈ ശുശ്രൂഷയിലൂടെ 30000-ൽ കുറയാത്ത യുദ്ധത്തടവുകാരായ റഷ്യൻ പടയാളികൾ വിശ്വാസത്തിലേയ്ക്ക് വന്നു. അതിന്റെ ശേഷം 1918-ൽ വെർസൈയിൽ സമാധാന കരാറിൻ പ്രകാരം അവർക്ക് തിരികെ വീടുകളിലേയ്ക്ക് പോകാൻ അനുവാദം കിട്ടി.

സാത്താൻ ഒരു മിഷ്യനറിയെ റഷ്യയിൽ നിന്നും ഓടിച്ചുകളഞ്ഞു. ഇപ്പോൾ ദൈവം നൂറുകണക്കിന് മിഷ്യനറിമാരെ അവിടേയ്ക്കയച്ചു. അങ്ങനെയാണ് ദൈവത്തിന്റെ വേല. ശത്രു ചിന്തിക്കുന്നത് ഞാൻ നല്ല പ്രവൃത്തി ചെയ്തിരിക്കുന്നു എന്ന്; ദൈവം അവന്റെ പ്രവൃത്തിയെ ഏറ്റം നിഷ്ഫലമാക്കുന്നു. ശത്രുവിന്റെ കാൽവറികളെ ദൈവം പുനരുദ്ധാനങ്ങളാക്കി മാറ്റുന്നു. പാസ്റ്റർ മാലോഫ് എന്നോട് പറഞ്ഞത് (ജയിംസ് സ്റ്റുവർട്ട്) റഷ്യയിൽ നിന്നുള്ള ഒരു കത്തിൽ നിന്നും മനസിലാക്കിയത് മടങ്ങി വന്ന മാനസാന്തരപ്പെട്ട റഷ്യക്കാരിലൂടെ 800-ൽ അധികം ബാപ്റ്റിസ്റ്റ് സഭകൾ അവിടെ സ്ഥാപിക്കപ്പെടുവാനിടയായി. ഹല്ലേലൂയ്യാ!

ശക്തമായ ഉണർവുകൾ രാജ്യത്തുടനീളം പൊട്ടിപ്പുറപ്പെട്ടു. പത്തുവർഷങ്ങൾക്കകം ഒരു ലക്ഷം മുതൽ കോടിവരെ വിശ്വാസികളുണ്ടായി. സുവിശേഷത്തിന്റെ എത്ര വലിയ വിജയം! എത്ര വലിയ മഹത്വമാണ് കർത്താവ് തന്നിലൂടെയും തന്റെ പ്രിയ ദാസൻ മാലോഫിലൂടെയും പ്രവർത്തിച്ചത്! മാലോഫ് ഇങ്ങനെ പറഞ്ഞു, ദൈവം മുന്നമേകണ്ടിരുന്നു, അവിടുന്ന് സാർ ചക്രവർത്തിമാരും ഏകാധിപത്യഭരണത്തിന് അന്ത്യം വരുത്തി. കമ്മ്യൂണിസ്റ്റ് ഭരണം കൊണ്ടു വന്നു, യുദ്ധങ്ങളിലൂടെയും സർവ്വനാശങ്ങളിലൂടെയും ഒരു നല്ല നാൾ വന്നിരിക്കുന്നു. ആയിരങ്ങളെ യുദ്ധത്തടവുകാരായി കൊണ്ടുപോയി. അവരെ നീതിയുടെ ഫലമുള്ള തൈകളാക്കി ദൈവത്തിന്റെ തോട്ടമായ സഭയിൽ നടുവാൻ ഇടായി.

അതിജീവിപ്പാൻ കഴി

(ശേഷം 4-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം. “ അവർ പ്രാതൽ കഴിച്ചശേഷം യേശു ശീമോൻ പത്രോസിനോടു : യോഹന്നാന്റെ മകനായ ശീമോനേ നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്ന് ചോദിച്ചു. അതിന് അവൻ ഉവ്വു കർത്താവേ എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു ” (യോഹ. 21:15)”.

2019 -ാം വർഷത്തിന്റെ ജൂൺ മാസം നമ്മെ വിട്ട് കടന്നു പോയി. ജൂലൈ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നാം ഈ ലോകത്തിൽ ജീവിക്കുമ്പോൾ അറിഞ്ഞോ അറിയാതെയോ പലതിനേയും പലരേയും സ്നേഹിക്കുകയും നമ്മെ പലരും സ്നേഹിക്കുകയും ചെയ്യും. എന്നാൽ നാം കർത്താവിനെ സ്നേഹിക്കണം. ഈ യേശു നല്ലവനാണ് ലോകാന്ത്യത്തോളം കൂടെ നിന്നു വഴി നടത്തുന്നവൻ.

“ നീ ഭയപ്പെടേണ്ട; ഞാൻ നിന്നോട് കൂടെ ഉണ്ടു; ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവം ആകുന്നു. ഞാൻ നിന്നെ ശക്തീകരിക്കും. ഞാൻ നിന്നെ സഹായിക്കും. എന്റെ നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും. “ ആകാശവും ഭൂമിയും മാറിപ്പോകും. പക്ഷേ എൻ വാഗ്ദാനമോ മാറുകയില്ല” (ലൂക്കൊ. 21:35). ഞാൻ നിന്നെ എന്റെ കൈകളിൽ വരച്ചിരിക്കുന്നു. (യെശ. 48:16). ആർക്കും നീ സ്വയമല്ലാതെ മറ്റാർക്കും നിന്നെ എടുത്തു മാറ്റുവാൻ കഴിയുകയില്ല. (യെശ. 49:16). ഞാൻ നിന്നെ നരയ്ക്കുവോളം, നിന്റെ ജീവിതാവസാനം വരെ ചുമക്കും, വഹിക്കും കരുതും, പരിപാലിക്കും (യെശ. 46:4).

വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ. അവൻ നമ്മെ ജീവപര്യന്തം വഴി നടത്തും. ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച് മുമ്പോട്ട് നീങ്ങാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**

കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ക്രിസ്തുവിന്റെ സമ്പൂർണ്ണ ഉദാഹരണം

By Arthur W.Pink (1886 - 1952)

കർത്താവായ യേശുക്രിസ്തുവിലൂടെ ദൈവത്തിന്റെ പരമാധികാരം, എത്ര മനോഹരമായിട്ടാണ് ദൈവഭയം, പൂർണ്ണമായ അനുസരണം, സ്വയത്യാഗം, ആഴമായ നന്ദി, സന്തോഷം എന്നിവയിലൂടെ അംഗീകരിക്കപ്പെട്ടിരിക്കുന്നത്. എല്ലാറ്റിലും അവിടുന്ന് കാണിച്ച മാതൃകനാം പിൻ പറ്റുന്നവനായി നൽകപ്പെട്ടിരിക്കുന്നു.

ദൈവഭയം

എത്രമനോഹരവും വിലപ്പെട്ടതുമായ വചനമാണ് എബ്രായലെഖനത്തിൽ കാണുന്നത്. ക്രിസ്തു തന്റെ ഐഹികജീവതകാലത്ത് തന്നെ മരണത്തിൽ നിന്നും രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും യാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു. (എബ്രാ. 5:7). കുട്ടിക്കാലത്ത് കർത്താവായ യേശു ദൈവഭയത്താൽ തന്റെ മാതാപിതാക്കളായ മറിയയ്ക്കും യോസേഫിനും കീഴടങ്ങിയിരുന്നില്ലേ? ദൈവഭയം എന്നാൽ എന്താണ്. ദൈവത്തോട് പുത്രോജിതമായ സമർപ്പണവും ബഹുമാനവും തിരുവചനത്തിൽ നാം അത് കാണുന്നു. അവൻ വളർന്ന നസറേത്തിൽ വന്നു; ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റു നിന്നു (ലൂക്കൊ. 4:16). ഇതല്ലേ ദൈവഭയം, പുത്രൻ ജഡമെടുത്തുവന്നപ്പോൾ, വീണു നമസ്ക്കരിക്കുവാൻ സാത്താനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ, അവിടുന്ന് പറഞ്ഞില്ലേ, നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ എന്ന് എഴുതിയിരിക്കുന്നു” (ലൂക്കൊ. 4:8). ഇതല്ലേ ദൈവഭയം, ശുദ്ധമായിത്തീർന്ന കുഷ്ഠരോഗിയോട്, നോക്കൂ ആരോടും പറയരുത്, അവർക്കു സാക്ഷ്യത്തിനായി നീ ചെന്ന്, നിന്നെത്തന്നെ പുരോഹിതനു കാണിച്ചു, മോശെ കല്പിച്ച വഴിപാടുകഴിക്ക എന്നു പറഞ്ഞു” (മത്താ. 8:4). എന്നാൽ എന്തുകൊണ്ട് ഉദാഹരണങ്ങളാൽ പറഞ്ഞു?

സമ്പൂർണ്ണ അനുസരണം

എത്ര സമ്പൂർണ്ണമായ അനുസരണമാണ് കർത്താവായ യേശുക്രിസ്തു പിതാവായ ദൈവത്തോട് കാണിച്ചത്. കർത്താവായ യേശുക്രിസ്തു തന്നിലൂടെ നമുക്ക് വെളിപ്പെടുത്തിതന്ന ദൈവഭയത്തെ നാം നഷ്ടമാക്കിക്കളയരുത്. അവിടുന്ന് “ദൈവരൂപത്തിലിരിക്കേ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളാതെ ദാസരൂപം എടുത്തു തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു” (ഫിലി. 2:8). എന്ന വാക്യം എത്ര വ്യക്തവും സമ്പൂർണ്ണവുമായ അനുസരണത്തെയാണ് വ്യക്തമാക്കുന്നത്. തന്റെ സ്വന്തം വാക്കുകളിൽ നിന്നു തന്നെ അതിന്റെ ആഴവും ബോധവും നമുക്കു ചിന്തിക്കാവുന്നതാണ്. എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന് ഞാൻ അതിനെ കൊടുക്കുന്നതു കൊണ്ട് പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും അതിനെ എന്നോടു എടുത്തുകളയുന്നില്ല; ഞാൻ തന്നെ അതിനെ കൊടുക്കുന്നു. അതിനെ കൊടുപ്പാൻ എനിക്ക് അധികാരമുണ്ട്; വീണ്ടും പ്രാപിപ്പാനും അധികാരമുണ്ട്; ഈ കല്പന എന്റെ പിതാവിങ്കൽ നിന്ന് എനിക്ക് ലഭിച്ചിരിക്കുന്നു ” (യോഹ. 10:17,18).

സമ്പൂർണ്ണ സ്വയത്യാഗം

പിതാവിന്റെ ഇഷ്ടത്തിന് തന്നെത്താൻ സമ്പൂർണ്ണമായി സമർപ്പിക്കുന്ന പുത്രന്റെ സമർപ്പണത്തെക്കുറിച്ച് നമുക്ക് എന്താണ് പറയാനുള്ളത്? എന്ത്, പിതവിനും പുത്രനും മദ്ധ്യേ ഒരു തുല്യമനോഭാവം നമുക്ക് കാണാൻ കഴിയും. അവിടുന്ന് പറഞ്ഞു, ഞാൻ എന്റെ അഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രം ചെയ്യുവാൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നിരിക്കുന്നത് ” (യോഹ. 6:38). തിരുവെഴുത്തുകളിൽ നാം വായിക്കുന്നത്. എത്ര പൂർണ്ണമായിട്ടാണ് പുത്രൻ പിതാവിന്റെ ഇഷ്ടത്തിന് തന്നെത്താൻ താഴ്ത്തിക്കൊടുത്തിരിക്കുന്നത്. ഇതാ അവിടുന്ന് ഗത്സമനയിൽ! എത്ര കയ്പേറിയ പാനപാത്രം. പിതാവിന്റെ കയ്യിൽ നിന്നും വാങ്ങുന്നു. അവിടുത്തെ മാനോഭാവം ശ്രദ്ധിക്കൂ. അവിടുത്തെ ഹൃദയത്തിലെ താഴ്മയും അനുസരണവും ഒന്നു പഠിക്കൂ. ഓർക്കുക, തിരുവചനത്തിൽ നാം വായിക്കുന്നത്. വചനം ജഡമായിത്തീർന്നു. ഒരു പൂർണ്ണ മനുഷ്യനായിത്തീരുന്നു. തന്നെ കാത്തിരി

(ശേഷം 6-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

(2-ാംപേജിന്റെ തുടർച്ച)

ബേസിൽ മാലോഫ് കിഴക്കൻ യൂറോപ്പിലെ ഒരു അപ്പോസ്തലൻ

യാത്ത പ്രശ്നങ്ങളുമായി റഷ്യയെ സുവിശേഷീകരിപ്പാനൊരുങ്ങി, ഇപ്പോൾ എല്ലാം വളരെ ലളിതമായിത്തീർന്നിരിക്കുന്നു. ആ ദിവസങ്ങളിൽ റഷ്യയിൽ ഒരു സുവിശേഷയോഗം നടത്തുന്നതു തന്നെ വളരെ പ്രയാസമേറിയ അനുഭവമായിരുന്നു. അതിനുള്ള അനുവാദം ലഭിച്ചിരുന്നില്ല. മീറ്റിംഗ് ഹാളുകൾ ലഭിച്ചിരുന്നില്ല. ലഭിച്ചാൽ തന്നെ ഗ്രാമത്തിലെ പുരോഹിതൻ ആളുകൾ വരാതിരിക്കാൻ പരമാവധി ശ്രമിക്കും. വരുന്നവരുടെ പേരുകൾ വാതിലിൽ നിന്നു എഴുതിയെടുക്കാൻ ശ്രമിക്കും. ഓടിപ്പോയ അപ്പോസ്തലന്മാർ തന്നെ നിങ്ങളോട് കാര്യങ്ങൾ വിശദീകരിക്കും.

ഒരു മാനസാന്തരപ്പെട്ട തടവുകാരന്റെ മടങ്ങി വരവ്

വളരെ നാളുകൾ താൻ ദൂരെയായിരുന്നു. അവൻ രാജ്യത്തിനുവേണ്ടി പൊരുതി; ശത്രുക്കളാൽ പിടിക്കപ്പെട്ട് ദീർഘനാളുകൾ ജയിലിലടയ്ക്കപ്പെട്ടു; ഒടുവിൽ നാട്ടിലേയ്ക്ക് മടങ്ങിവന്നു. റഷ്യൻ മിലിട്ടറിയുടെ അലങ്കാരമായ സെന്റ് ജോർജ്ജിന്റെ ക്രൂശടയാളം തന്റെ മേലുണ്ട്. മറ്റനേകം മെഡലുകളും തന്റെ മേലുണ്ടായിരുന്നു. എല്ലാവരാലും അംഗീകരിക്കപ്പെട്ടവനായിരുന്നു. അവൻ തന്റെ ഭാര്യയെ ആലിംഗനം ചെയ്തു. കുട്ടികളെ ചുംബിച്ചു. അവരുടെ ഒത്തുചേരലിൽ സന്തോഷത്തിന്റെ കണ്ണുനീർ ധാരധാരയായി ഒഴുകി. തന്റെ മടങ്ങിവരവിന്റെ വാർത്ത കേട്ടപ്പോൾ തന്റെ വീട് അയൽവാസികളെ കൊണ്ട് നിറഞ്ഞു, ഗ്രാമവാസികൾ തന്റെ ചുറ്റും വന്നു തന്റെ സുഖവിവരങ്ങൾ തിരക്കി, എവിടെയായിരുന്നു, എന്തൊക്കെ കണ്ടു, അകലെ ജർമ്മനിയിൽ നിന്നും എന്തൊക്കെ പുതിയ കാര്യങ്ങൾ പഠിച്ചു. തന്നിൽ നിന്നും കേൾക്കുവാൻ തന്റെ സുഖവിവരങ്ങൾ അറിയുവാൻ അവർ ചെവിതുറന്ന് കാത്തിരുന്നു.

അവർ ചോദിച്ച എല്ലാ ചോദ്യങ്ങൾക്കും മടങ്ങിവന്ന തടവുകാരൻ മറുപടി പറഞ്ഞു. എന്തെങ്കിലും പ്രധാന കാര്യങ്ങൾ പറയും എന്നവർ കാത്തിരുന്നു. അന്യദേശത്ത് താൻ അനുഭവിച്ച അത്ഭുതകാര്യങ്ങളെക്കുറിച്ച് താൻ പറഞ്ഞു തുടങ്ങി. തന്റെ പോക്കറ്റിൽ നിന്നും ഒരു പുതിയ നിയമം കയ്യിലെടുത്തു. അതിനെ ബഹുമാനത്തോടെ ഉയർത്തി ഇങ്ങനെ പറഞ്ഞു.

നിങ്ങൾക്കറിയാമല്ലോ, ഞാൻ എത്രമോശക്കാരനായ വ്യക്തിയായിരുന്നു യുദ്ധത്തിനു പോകുന്നതിനു മുമ്പ് എന്ന്; ഞാൻ ഒരു മദ്യാപാനിയായിരുന്നു, ഗ്രാമത്തിൽ എത്രമാത്രം പ്രശ്നക്കാരനായിരുന്നു എന്ന് നിങ്ങൾക്കറിയായം. ഞാൻ മദ്യപിച്ചു കഴിഞ്ഞാൽ എന്റെ ഭാര്യയ്ക്കും മക്കൾക്കും ഞാൻ പ്രശ്നക്കാരനായിരുന്നു എന്ന് നിങ്ങൾക്ക് അറിയാം. എന്നാൽ, ഇപ്പോൾ, കർത്താവിന് മഹത്വം, യേശു എന്റെ പരമായ രക്ഷകനായിത്തീർന്നിരിക്കുന്നു. അവിടുന്ന് എന്റെ പാപത്തിന്റെ ശിക്ഷയും അതിന്റെ ശക്തിയും എന്നിൽ നിന്നും നീക്കി എന്നെ ഒരു പുതുസൃഷ്ടിയാക്കിയിരിക്കുന്നു. ഞ്ൻ നിനക്ക് ഒരു ദോഷവും ചെയ്യുകയില്ല എന്റെ പ്രിയപ്പെട്ടവളേ എന്ന് ഭാര്യയോട് പറഞ്ഞു. ഞാൻ നിങ്ങൾക്ക് ഒരു ക്രൂരനായിരിക്കയില്ല ഇനി മക്കളേ എന്ന് കുഞ്ഞുങ്ങോടു പറഞ്ഞു, ഞാൻ നിങ്ങൾക്ക് ഒരിക്കലും ഒരു ദോഷവും ചെയ്യുകയില്ല എന്ന് അയൽക്കാരോട് പറഞ്ഞു.

ഒരു കേൾവിക്കാരനിൽ എന്തു പ്രതികരണമാണു ഉളവാക്കുന്നത് എന്ന് നിങ്ങൾക്ക് ഊഹിക്കാമോ. അവന്റെ പെരുമാറ്റത്തിലും വാക്കുകളിലും പ്രത്യേകതകൾ അവർ കണ്ടു. അദ്ദേഹത്തിന്റെ വാക്കുകൾ വെറും പാഴ് വാക്കല്ല എന്നവർ തിരിച്ചറിഞ്ഞു. അദ്ദേഹം ദൈവവചനം തുറന്ന് വായിപ്പാൻ തുടങ്ങി. തനിക്ക് കഴിയുന്ന നിലയിൽ അതിനെ വിശദീകരിച്ച് സംസാരിച്ചു. എല്ലാവരോടും മുട്ടുമടക്കുവാനും പ്രാർത്ഥിപ്പാനും ആവശ്യപ്പെട്ടു.

ഇങ്ങനെയുള്ള സംഭവങ്ങൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും നടന്നു. സുവിശേഷം എത്തിയിട്ടില്ലാത്ത സ്ഥലങ്ങൾ സുവിശേഷം കേട്ടു. അമേരിക്കയിൽ നിന്നും പാസ്റ്റർ മാലോഫ് ഇങ്ങനെ പ്രതികരിച്ചു. അദ്ദേഹം വളരെ സന്തോഷത്തോടെ പറഞ്ഞു.

ദൈവം ഒരു പ്രത്യേക രീതിയിൽ പ്രവർത്തിക്കുന്നു. തന്റെ അത്ഭുതം ചെയ്യുന്നു. അവിടുന്ന് സമുദ്രത്തിന്മേൽ തന്റെ കാൽ വയ്ക്കുന്നു. കൊടുങ്കാറ്റിന്മേൽ അവിടുന്ന് സഞ്ചരിക്കുന്നു.

ഉപസംഹാരം

ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനഘട്ടത്തിൽ അമേരിക്കയിൽ സ്ഥാപിച്ച ട്രൈനിംഗ് സ്കൂളിലൂടെ മാലോഫിന്റെ കഥ തുടർന്നു കൊണ്ടിരുന്നു. കിഴക്കൻ യൂറോപ്പിൽ വേല ചെയ്യുവാൻ പരിശീലനത്തിനായി റഷ്യയിൽ നിന്നും ചെറുപ്പക്കാർ വന്നു. റഷ്യൻ മിഷ്യനറി സൊസൈറ്റി രൂപീകൃതമായി. റഷ്യയിൽ സാർ ചക്രവർത്തിമാരുടെ ഏകാധിപത്യ ഭരണത്തെ തകർത്ത് കമ്മ്യൂണിസ്റ്റ് ഭരണം വന്നപ്പോൾ ഓർത്തഡോക്സ് സഭകളുടെ ശക്തിയും തകർന്നുപോയി. എന്നാൽ അവിടെ സുവിശേഷത്തിന് സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല കാരണം കമ്മ്യൂണിസ്റ്റ് ഭരണകൂടം നിരീശ്വരവാദികാളായിരുന്നു. അനേകം ദൈവമക്കൾ കൊല്ലപ്പെട്ടു. എന്നാൽ റഷ്യൻ മിഷ്യനറി സൊസൈറ്റിയിലൂടെ സുവിശേഷകന്മാർ രഹസ്യ പ്രവർത്തനങ്ങൾ നടത്തി നൂറുകണക്കിനു സുവിശേഷ കേന്ദ്രങ്ങളും സഭകളും ലാത്വിയയിലും, എസ്റ്റോണിയയിലും, ഹൾഗേറിയയിലും, റൊമാനിയയിലും, പോളണ്ടിലും ഉണ്ടായി. അവരിൽ ഒരാളായ ജയിംസ് സ്റ്റുവർട്ട് എഴുതുന്നത്: അവർ എല്ലായിടത്തും സുവിശേഷം പ്രസംഗിച്ചു. അവർ കളിയാക്കപ്പെട്ടു. അവർ കൊള്ളയടിക്കപ്പെട്ടു. അവർ രക്തസാക്ഷികളായി. അവർ വളരെ ക്ഷീണിതരായി. തണുത്തുറഞ്ഞ തടാകങ്ങളിലൂടെ അവരെ കടത്തി, കാട്ടു മൃഗങ്ങളും കൊള്ളക്കാരും ഉള്ള വനാന്തരങ്ങളിലൂടെ കടത്തിവിട്ടു, മൃഗവാഹനങ്ങൾ വലിക്കുവാൻ നിയോഗിക്കപ്പെട്ടു. അവർക്ക് ശത്രുതയുള്ള ഗ്രാമങ്ങളിലേയ്ക്കും പട്ടണങ്ങളിലേയ്ക്കും അവരെ കടത്തിവിട്ട് ഉപദ്രവിച്ചു. അവർ സുവിശേഷത്തിന് വിലകൊടുക്കേണ്ടി വന്നു.

മാലൊഫ് തന്റെ സ്വദേശമായ ലത്വിയയിൽ ദൈവത്താൽ വളരെ ഉപയോഗിക്കപ്പെട്ടു. അദ്ദേഹം അമേരിക്കയിൽ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ടാം ലോകമഹായുദ്ധം പൊട്ടിപറപ്പെട്ടു. കമ്മ്യൂണിസ്റ്റുകൾ ലാത്വിയെ കീഴടക്കി. അനുഗ്രഹിക്കുപ്പെട്ട ഉണർവ്വുകൾ നടന്നുകൊണ്ടിരുന്ന പള്ളികെട്ടിടങ്ങളെ കണ്ടുകെട്ടി. മാലോഫിന്റെ സ്വന്തം സഹോദരനും സുവിശേഷവേലയിൽ തന്റെ കൂട്ടുവേലക്കാരനുമായിരുന്ന ദൈവദാസനെ

(ശേഷം 8-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

ദൈവത്തിന്റെ പരമാധികാരം

“ യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു ” (സദൃ.1:7). സർവ്വശക്തനായ ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുള്ളവന്റെ ഹൃദയം സന്തോഷിക്കും. അവന്റെ ഉള്ളിൽ ദൈവമഹത്വത്തെക്കുറിച്ചുള്ള അഗാധമായ ദർശനമുണ്ടായിരിക്കും. അവിടുത്തെ നീതിയെക്കുറിച്ചും വിശുദ്ധിയെക്കുറിച്ചുമുള്ള ആഴമായ ബോധമുണ്ടായിരിക്കും. ദൈവശക്തിയെക്കുറിച്ചും അവിടുത്തെ വിശാലമായ ദൈവകൃപയെക്കുറിച്ചും ചിന്തയുണ്ടായിരിക്കും. നിങ്ങളിൽ ചിലർ പറയുമോ, അത് രക്ഷിക്കപ്പെടാത്തവർക്ക് വേണ്ടിയുള്ളതാണ്. അത് പുറമേയുള്ളവർക്കുള്ളതാണ്. അവരല്ല ദൈവത്തെ ഭയപ്പെടേണ്ടത? എന്നാൽ ശരിയായ ഉത്തരം എന്നത്, രക്ഷിക്കപ്പെട്ടവർ, ക്രിസ്തുവിലുള്ളവർ, അവരാണ് ദൈവത്തെ ഭയപ്പെട്ട് രക്ഷയുടെ സന്തോഷത്തെയും ദൈവഭയത്തെയും ആചരിക്കേണ്ടത്. ദൈവത്തെ ഭയപ്പെടുന്നവരെയാണ് സാധാരണ വിശ്വാസികൾ എന്ന് വിളിക്കാറുള്ളത്.

നാം ദൈവഭയത്തെക്കുറിച്ചു സംസാരിക്കുമ്പോൾ തീർച്ചയായും അത് ഒരു അടിമത്വസ്വഭാവമുള്ള ഭയമല്ല, ഈ ജാതീയ ലോകത്തിൽ ദൈവവുമായുള്ള അഭേദ്യമായ ഒരു ബന്ധമാണുള്ളത്. തിരുവചനം പറയുന്നത്, എന്റെ കൈ ഇതൊക്കയും ഉളവാക്കി; അങ്ങനെയാകുന്നു ഇതൊക്കെയും ഉളവായതെന്ന് യഹോവ അരുളിച്ചെയ്യുന്നു. എങ്കിലും അരിഷ്ടനും മനസുതകർന്നവനും എന്റെ വചനത്തിൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും (യെശ. 66:2) അപ്പോസ്തലനായ പത്രോസ് എഴുതുന്നത്. എല്ലാവരെയും ബഹുമാനിപ്പിൻ, സഹോദരവർഗ്ഗത്തെ സ്നേഹിപ്പിൻ, ദൈവത്തെ ഭയപ്പെടുവിൻ, രാജാവിനെ ബഹുമാനിപ്പിൻ (1പത്രോ. 2:17). സർവ്വ ശക്തനും പരമാധികാരിയുമായ ദൈവത്തെ അംഗീകരിക്കുന്നതിനപ്പുറമായി മറ്റൊരു ദൈവഭയമില്ല.

2. പൂർണ്ണമായ അനുസരണം

ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് നമ്മുടെ യോഗ്യതകളെയും കുറവുകളെയും വെളിപ്പെടുത്തി നമ്മെത്തന്നെ പൂർണ്ണമായി ദൈവത്തിൽ ആശ്രയിപ്പാനായി നമ്മെ ഒരുക്കുന്നു. മാത്രമല്ല, വീണ്ടും, ദൈവത്തിന്റെ സർവ്വശക്തിയെക്കുറിച്ചുള്ള കാഴ്ചപ്പാട് നമ്മുടെ ഉള്ളിൽ ദൈവഭയം ഉണ്ടാക്കിയിട്ട് ഒരു അനുസരണമുള്ള ജീവിതം നയിപ്പാൻ നമ്മെ സഹായിക്കുന്നു. ദൈവത്തോടുള്ള വിരോധം ദുഷ്ടതയിലേയ്ക്ക് നമ്മെ വഴി നടത്തുന്നു. സ്വാഭാവികമായി തന്നെ, മനുഷൻ സ്വയചിന്താഗതിക്കാരനാണ്, സ്വന്തമഹിമയും സ്വാർത്ഥതയും അന്വേഷിക്കുന്നവനാണ് അഹങ്കാരിയും തന്നിഷ്ടക്കാരനുമാണ്. ദൈവഭയം ഒന്നുമാത്രമാണ് നമ്മെ താഴ്മയുള്ളവരാക്കിത്തീർക്കുന്നത്. മനുഷ്യൻ തന്നിൽത്തന്നെ അല്ലെങ്കിൽ ദൈവത്തിൽ മഹത്വം എടുക്കും. മനുഷ്യൻ ഒന്നുകിൽ തന്നെത്തന്നെ തൃപ്തിപ്പെടുത്തുവാനും സന്തോഷിപ്പിക്കുവാനും ശ്രമിക്കും. അല്ലെങ്കിൽ ദൈവത്തെ പ്രീതിപ്പെടുത്തുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും ശ്രമിക്കും. ഒരുത്തനും രണ്ട് യജമാനന്മാരെ സേവിപ്പാൻ കഴികയില്ല.

ബഹുമാനമില്ലായ്മ അനുസരണക്കേടിനെ ഉളവാക്കുന്നു. മിസ്രയീമിലെ ഏകാധിപതിയായ ഫറവോൻ ഇങ്ങനെ പറഞ്ഞു. യിസ്രായേലിനെ വിട്ടയപ്പാൻ തക്കവണ്ണം ഞാൻ യഹോവയുടെ വാക്കു കേൾക്കേണ്ടതിന് അവൻ ആർ? ഞാൻ യഹോവയെ അറികയില്ല; ഞാൻ യിസ്രായേലിനെ വിട്ടയക്കയുമില്ല F ¶ p] dª p” (പുറ.5:2). ഫറവോന്, എബ്രായരുടെ ദൈവം ഒരു സാധാരണ ദൈവം മാത്രമാണ്, അനേക ദൈവങ്ങളിൽ ഒന്നു മാത്രം, ശക്തിയില്ലാത്ത ശത്രുവിനെ ഭയപ്പെടുകയോ സേവിക്കയോ വേണ്ടല്ലോ. എത്ര ദു:ഖകരമായിട്ടാണ് താൻ തെറ്റിപോയിരിക്കുന്നത്. എന്നാൽ ഫറവോന്റെ എതിർത്തു നിൽക്കുന്ന സ്വഭാവം ദൈവത്തോടുള്ള തന്റെ ബഹുമാനമില്ലായ്കയാണ്. ആ ബഹുമാനമില്ലായ്മ എന്നത്, സർവ്വശക്തനായ ദൈവത്തോടുള്ള തന്റെ വെറുപ്പിന്റെ ഫലമാണ്.

ഇവിടെ ബഹുമാനമില്ലായ്മ അനുസരണക്കേടിനെ ഉളവാക്കുന്നു എങ്കിൽ, യഥാർത്ഥ ബഹുമാനം അനുസരണത്തെ ഉളവാക്കുന്നു. വിശുദ്ധ തിരുവെഴുത്തുകൾ അത്യുന്നതനായ ദൈവത്തിന്റെ വെളിപ്പാടുകൾ ആണെന്നും അവിടുന്ന് തന്റെ മനസും ഇഷ്ടവും നമുക്ക് വെളിപ്പെടുത്തുന്നു എന്ന് ഗ്രഹിക്കയും ചെയ്യുക എന്നതാണ് ദൈവഭക്തിയുടെ ആദ്യപടി. ബൈബിൾ ദൈവത്തിന്റെ വചനം എന്നും അതിലെ വചനങ്ങൾ അത്യുന്നതനായ ദൈവത്തിന്റെ വചനങ്ങൾ ആണെന്നും വിശ്വസിപ്പാൻ കഴിയാതെ പോകുന്നത് എത്ര ദാരുണമാണ്. നമ്മുടെ സൃഷ്ടിതാവായ ദൈവം നമുക്കു തന്നതും നമ്മുടെ ജീവിതങ്ങളെ തൊട്ട് സംസാരിക്കുകയും ചെയ്യുന്നതാണ് വേദപുസ്തകം എന്ന് അംഗീകരിക്കുമ്പോൾ നാം വിളിച്ചു പറയും. നിന്റെ സാക്ഷ്യങ്ങളിലേയ്ക്കു തന്നെ എന്റെ ഹൃദയം ചായുമാറാക്കേണമേ; എ ന്റെ കാലടികളെ നിന്റെ വചനത്തിൽ സ്ഥിരമാക്കേണമേ (സങ്കീ. 119:36,133).

3. പ്രതികൂലങ്ങളിൽ ധൈര്യം

ദൈവത്തിന്റെ പരമാധികാരത്തിലുള്ള യഥാർത്ഥ അംഗീകാരം ദൈവത്തിന്റെ ഇഷ്ടം പൂർണ്ണമായി ചെയ്യുവാൻ നമ്മെ പ്രതിജ്ഞാബദ്ധമാക്കിത്തീർക്കുന്നു. അത്യുന്നതനായ ദൈവത്തെ ബഹുമാനിക്കുന്നവൻ ദൈവത്തിന്റെ ഇഷ്ടം പൂർണ്ണമായി അംഗീകരിക്കയും അത് അവന് നല്ലതായി തോന്നുകയും ചെയ്യുന്നു. ക്ഷാമവും രോഗവും പ്രയാസങ്ങളും ദേശങ്ങളിലേയ്ക്ക് അയയ്ക്കുമ്പോഴും എല്ലാം നന്നായി ചെയ്യുന്നവനെ വിധിക്കരുത് എന്നു പറയുന്നു. അത് ഒരു വിരോധാഭാസമായി തോന്നിയാലും ദൈവമുമ്പാകെ തന്നെത്താൻ സമർപ്പിച്ചിരിക്കുന്നവൻ പ്രശ്നങ്ങൾ തിരമാലപോലെ പെരുകുമ്പോഴും കാറ്റിനെ ശാസിച്ചു, കടലിനോട് അനങ്ങാതിരിക്ക എന്ന് പറഞ്ഞവൾ എല്ലാം ശാന്തമാക്കും എന്നും വിശ്വസിക്കുന്നു. അവിടുത്തെ ഇഷ്ടം നടക്കട്ടെ എന്ന് ധൈര്യപ്പെടുന്നു.

ആഴമായ നന്ദിയും സ്നേഹവും

സർവ്വശക്തനായ ദൈവത്തിങ്കലുള്ള വിശ്വാസത്തിലധിഷ്ഠിതമായ ഈ പ്രഖ്യാപനം കൂടുതൽ ദൈവത്തിൽ ആശ്രയിപ്പാൻ നമ്മെ ബലപ്പെടുത്തുന്നു. ലോകത്തിന്റെ തത്വശാസ്ത്രം എന്നത് മോശമായ കാര്യത്തെ നന്നാക്കികാണിക്കുന്നതിനെക്കാൾ മണ്ടത്തരം

(ശേഷം 6-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

ദൈവത്തിന്റെ പരമാധികാരം

വേറെയില്ല. എന്നാൽ ഒരു വിശ്വാസിയുടെ ചിന്താഗതി വ്യത്യസ്തമാണ്. ദൈവത്തിന്റെ പരമാധികാരത്തിലുള്ള വിശ്വാസം നമ്മെ ദൈവത്തെ ഭയപ്പെടുവാനും, അനുസരണം കാണിപ്പാനും സ്വയത്യാഗത്തിനും മാത്രമല്ല കാരണമാക്കുന്നത്, സങ്കീർത്തനക്കാരൻ പറയുന്നതു പോലെ, " എന്മനമേ യഹോവയെ വാഴ്ത്തുക, എന്റെ സർവ്വാന്തരംഗവുമേ യഹോവയെ വാഴ്ത്തുക " (സങ്കീ. 13:1) എന്നും പരയുമാറാക്കുന്നു. അപ്പോസ്തലൻ പറയുന്നില്ലേ? " നമ്മുടെ കർത്താവായ യേശുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനും വേണ്ടിയും സ്തോത്രം ചെയ്തും കൊണ്ടിരിപ്പിൻ" (എഫെ. 5:20). ഇത് വ്യക്തമാക്കുന്നത് നമ്മുടെ ജീവിതം എപ്പോഴും പരിശോധനകൾക്ക് വിധേയമായിക്കൊണ്ടേയിരിക്കും. നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ സ്വയ ഇഷ്ടം ഉണ്ട് എന്നുള്ളത് അയ്യോ കഷ്ടം ! കാര്യങ്ങളെല്ലാം നന്നായിരിക്കുമ്പോൾ നാം ദൈവത്തിന് നന്ദിയുളളവരായിരിക്കും. എന്നാൽ നമ്മുടെ ഇഷ്ടത്തിനും പദ്ധതികൾക്കും എതിരായി കാര്യങ്ങൾ നീങ്ങുമ്പോഴോ?

പ്രിയ വായനക്കാരാ, ദൈവത്തിന്റെ കരം എല്ലാറ്റിന്മേലും ഉണ്ട് എന്ന് പഠിക്കുന്നതുവരെ നിങ്ങളുടെ പാവപ്പെട്ട ഹൃദയത്തിന് വിശ്രമിക്കാൻ കഴിയുകയില്ല. എന്നാൽ അതിനുവേണ്ടി നിങ്ങളുടെ വിശ്വാസം നിരന്തര പരിശ്രമത്തിലാണ്. എന്താണ് വിശ്വാസം? കണ്ണടച്ചുള്ള അന്ധമായ വിശ്വാസമാണോ? ഒരു മാരകമായ കൈമാറ്റമാണോ? അല്ല, അതിൽ നിന്നും വളരെ അകലെയാണ്. വിശ്വാസം എന്നത് ജീവിക്കുന്ന ദൈവത്തിന്റെ വചനത്തിലുള്ള ഉറപ്പും നിശ്ചയവുമാണ്. അതുകൊണ്ട് പറയുന്നു. " എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മയ്ക്കായി കൂടിവ്യാപരിക്കുന്നു എന്ന് നാം അറിയുന്നു" (റോ. 8:28). അതുകൊണ്ട് വിശ്വാസം എല്ലാറ്റിനും എപ്പോഴും നന്ദി പറയുന്നു. പ്രവർത്തിക്കുന്ന വിശ്വാസം, കർത്താവിൽ എപ്പോഴും സന്തോഷിക്കുന്നു. (ഫിലി. 4:4).

5. ആരാധന അർപ്പിക്കുന്നു

ജെ.ബി.മൂഡി പറഞ്ഞിരിക്കുന്നത്, സത്യ ആരാധന ദൈവത്തിന്റെ മഹത്വത്തെ അംഗീകരിക്കുന്നു. ദൈവത്തിന്റെ മഹത്വം തന്റെ പരമാധികാരത്തിൽ കാണുന്നു. സ്വർഗ്ഗീയ രാജാവിന്റെ മഹത്വം തന്റെ സിംഹാസനത്തിൽ വെളിപ്പെടുമ്പോൾ സാറാഫുകൾ പോലും തങ്ങളുടെ മുഖം മറയ്ക്കുന്നു.

ദൈവത്തിന്റെ പരമാധികാരം എന്നത്, ഒരു അടിച്ച മർത്തൽ മനോഭാവമല്ല, പിന്നെയോ അത് നിത്യനും നല്ലവനുമായ ദൈവത്തിലുള്ള സന്തോഷമാണ്! കാരണം അവിടുന്ന് നിത്യനായി സർവ്വജ്ഞാനിയായ ദൈവമാണ് അവിടുത്തേയ്ക്ക് തെറ്റ് പറ്റുകയില്ല. അങ്ങനെയെങ്കിൽ ഇവിടെയിതാ സത്യത്തിന്റെ മഹത്വം ഏറ്റവും ശ്രേഷ്ടമേറിയ വസ്തുത എന്നത്, ദൈവത്തിന്റെ ഇഷ്ടം ചോദ്യം ചെയ്യപ്പെടാത്തതാണ്. ആവർത്തിക്കാൻ ആവശ്യമില്ലാത്തതാണ്. എന്നാൽ, ഒരിക്കൽ ഞാൻ ദൈവത്തിന്റെ ഇഷ്ടം നല്ലതെന്ന് രുചിച്ചറിഞ്ഞു. എന്റെ ഹൃദയം സന്തോഷിക്കുവാനിടയായി.

അങ്ങനെയെങ്കിൽ ഇവിടെയിതാ ചോദ്യത്തിന് അന്തിമമായ ഉത്തരം, എന്താണ് ദൈവത്തിന്റെ പരമാധികാരം സംബന്ധിച്ച് നമ്മുടെ മനോഭാവം? നാം എടുക്കേണ്ട മനോഭാവം എന്നത്, ദൈവഭയം, പൂർണ്ണമായ അനുസരണം, സ്വയത്യാഗവും സമർപ്പണവും ആണ്. എന്നാൽ അങ്ങനെ മാത്രമല്ല, ദൈവത്തിന്റെ പരമാധികാരത്തിന്റെ അംഗീകാരം, ആ പരമാധികാരിയായ ദൈവം എന്റെ പിതാവാണ് എന്നുള്ള വിശ്വാസം, ആരാധനയ്ക്കായി അവിടുത്തെ മുമ്പാകെ താഴ്ത്തുക എന്നിവയും നാം മുറുകെപ്പിടിക്കേണ്ടതാണ്. എപ്പോഴും ഞാൻ പറയണം. ഇങ്ങനെയല്ലോ നിനക്ക് പ്രസാദം തോന്നിയത് (മത്തായ 11:26).

❖

(3-ാം പേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ സമ്പൂർണ്ണ ഉദാഹരണം

ക്കുന്ന പങ്കപ്പാടുകൾക്കുവേണ്ടി ഗത് സമനയിൽ തന്റെ ശരീരം ഒരുക്കപ്പെടുകയാണ്. ഇവിടെ തന്റെ ദിവ്യത്വമായ എല്ലാ പ്രകൃതികളും ചുരുങ്ങി ഇല്ലാതായിട്ട് ഒരു സാധാരണ മനുഷ്യനായിത്തീരുകയാണ്. തന്റെ മേൽ വരാൻ പോകുന്ന ദാരുണമായ സംഭവങ്ങളെ ഓർത്ത് തന്റെ ഹൃദയം തകരുകയാണ്. താൻ മുന്നമേ കണ്ടിരുന്ന ഭീകരമായ നിമിഷങ്ങളെ ഓർത്ത് തന്റെ ആത്മാവ് വേദനിക്കുകയാണ്. ഇരുട്ടിന്റെ ശക്തികൾ തന്നെ സമീപിച്ചിരിക്കുന്നു. എല്ലാറ്റിലുമുപരി, തന്റെ ദൈവത്വത്തിന്റെ എല്ലാ ഗുണങ്ങളും ഇപ്പോൾ തന്നിൽ നിന്ന് അകന്നിരിക്കുന്നു. അങ്ങനെ തന്റെ ഹൃദയം പിതാവിന്റെ മുമ്പാകെ പകരുന്നു, കരച്ചിലോടും ഉറച്ച നിലവിളയോടും കണ്ണുനീരോടും കൂടെ തന്റെ രക്തത്തിന്റെ വലിയ തുള്ളികൾ വിയർപ്പായി പുറത്തു വരുന്നു. ഇപ്പോൾ ശ്രദ്ധിക്കൂ, ഗ്രഹിക്കൂ. ആ അനുഗ്രഹിക്കപ്പെട്ട അധരങ്ങളിൽ നിന്നുള്ള നമ്മുടെ ഹൃദയങ്ങളെ പിളർ ക്കുന്ന ആ ശബ്ദം ശ്രദ്ധിക്കൂ. പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നും നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആക s« F ¶ v{] mÀ° n¨ p" (ലൂക്കൊ. 22:42). ഇവിടെ സമർപ്പണം വ്യക്തിപരമായി. ഇവിടെ പരമാധികാരിയായ ദൈവത്തിന്റെ ഇഷ്ടം സമ്പൂർണ്ണമായി അതിന്റെ പാരമ്യമായ നിലയിൽ നിവർത്തിക്കപ്പെട്ടു. അത് നമുക്ക് തന്റെ ചുവടുകളെ പിന്തുടരുവാൻ ഒരു ദൃഷ്ടാന്തമായി ഭവിച്ചു. അവിടുന്ന് മനുഷ്യനായിത്തീർന്ന ദൈവം അവൻ എല്ലാറ്റിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടു. പാപം ഒഴികെ, നമ്മുടെ സൃഷ്ടിയിൽ നാം ആയിരുന്ന സ്വഭാവം എങ്ങനെ പ്രാപിക്കാം എന്ന് നമ്മെ കാണിക്കാൻ!

പിതാവിന്റെ ഇഷ്ടത്തിന് തന്നെത്താൻ പൂർണ്ണമായി സമർപ്പിച്ച കർത്താവായ യേശുവിന്റെ സമർപ്പണത്തെക്കുറിച്ച് എന്താണ് പറയുന്നത്. നാം ഇങ്ങനെ പറയും, അവിടുന്ന് എല്ലായിടത്തും എന്നും അതുല്യനാണ്. എല്ലാറ്റിലും എല്ലാവരിലും അവിടുന്ന് മുന്നമേ ശ്രേഷ്ടനാണ്. കർത്താവായ യേശു ക്രിസ്തുവിൽ, തന്റെ ജീവിതത്തിൽ തകർക്കപ്പെടുവാനായി യാതൊരു മതസ്വഭാവവുമില്ലായിരുന്നു. തനിക്ക് കണ്ടുപിടിക്കാനായ യാതൊരു തടസ്സങ്ങളും തന്റെ ജീവിതത്തിൽ ഇല്ലായിരുന്നു. അവിടുത്തേയ്ക്ക് ഇങ്ങനെ പറയാൻ കഴിഞ്ഞു. " എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവിടുത്തെ പ്രവൃത്തിതികയ്ക്കുന്നതു തന്നെ എന്റെ ആഹാരം (യോഹ. 4:34). അതെ, എല്ലാറ്റിലും പിതാവിന്റെ ഇഷ്ടം ചെയ്യുവാനുള്ള തന്റെ ദൗത്യത്തിൽ അവിടുന്ന് സമ്പൂർണ്ണനായിരുന്നു. (സങ്കീ. 40;8, എബ്രായ 10; 7-9).

നന്ദിയർപ്പണവും സന്തോഷവും

ക്രിസ്തുവിന്റെ നന്ദിയർപ്പണത്തെക്കുറിച്ചും

(ശേഷം 8-ാംപേജിൽ)

(കഴിഞ്ഞ ലക്കം തുടർച്ച)

പരമപ്രധാനമായ ഏഴു ചോദ്യങ്ങൾ

എന്നാൽ ഇന്ന് എന്താണ്? എന്റെ ആദ്യ സ്നേഹം നഷ്ടപ്പെട്ടുവോ? ഞാൻ തണുത്ത് എന്റെ ആശയെ നഷ്ടപ്പെട്ടിരിക്കുന്നുവോ? ദൈവത്തിന്റെ അഗ്നി എന്നിൽ കത്തുന്നില്ലയോ? ആത്മാക്കളെക്കുറിച്ച് ഭാരമില്ലാതെ പള്ളിയിൽ പോകുവാനും മതപരമായ കാര്യങ്ങൾ ചെയ്യുവാനും എനിക്കു കഴിയുമോ? അങ്ങനെയെങ്കിൽ എന്താണ് സംഭവിച്ചത്? ഞാൻ പാടുന്നു നഷ്ടപ്പെട്ടവരെ രക്ഷിക്കുന്നു. എന്നാൽ അവരുടെ രക്ഷയ്ക്കായി എന്തെങ്കിലും ചെയ്യുവാൻ എനിക്ക് കഴിയുന്നുണ്ടോ? ഞാൻ പാടുന്നു. നശിക്കുന്നവനെ സംരക്ഷണ ചെയ്യുന്നു. എന്നാൽ ഞാൻ എന്തെങ്കിലും അതിനുവേണ്ടി ചെയ്യുന്നുണ്ടോ? നഷ്ടപ്പെട്ടു പോകുന്നവർക്കുവേണ്ടി കരയുക എന്ന് പറയുന്നവരോട് ചേർന്ന് ഞാനും പറയുന്നു, കരയുക എന്ന്. യഥാർത്ഥമായി നഷ്ടപ്പെടുന്നവർക്കുവേണ്ടി ഞാൻ കരുയന്നുണ്ടോ? നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആളുകളുടെ രക്ഷ്യ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഹൃദയാംഗമായി ഞാൻ ഉൾപ്പെട്ടിരിക്കുന്നുവോ?

അങ്ങനെ അല്ലെങ്കിൽ, ഗൗരവതരമായ ചില കാര്യങ്ങൾ നാം ഓർത്തിട്ട് നാം നമ്മെത്തന്നെ ഏല്പിക്കുവാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. ഞാൻ ക്രിസ്തുവിനെ പരസ്യമായി ഏറ്റുപറയണം. തന്റെ തല്പനഞാൻ ഏറ്റെടുത്ത് പരസ്യ സാക്ഷിയാകണം. എന്നെ വീണ്ടും പരിശോധിക്കണം. നിശ്ചയമായും എനിക്ക് ലഘുലേഖകൾ വിതരണം ചെയ്യുവാൻ കഴിയും. എന്റെ കൂട്ടുകാർക്ക് സുവിശേഷ ദൂതള്ള കത്തുകൾ എഴുതുവാൻ നിശ്ചയമായും എനിക്ക് കഴിയും. കുറഞ്ഞ പക്ഷം എന്നോട് കൂടെ ജോലി ചെയ്യുന്നവരോട് യേശുവിനെക്കുറിച്ച് പറയുവാൻ എനിക്കു കഴിയും. ഞാൻ ദൈവത്തിന്റെ ഒരു പ്രതിനിധിയെങ്കിൽ ഞാൻ സത്യമുള്ളവനായിരിക്കണം.

“ കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും” (ലൂക്കൊ. 6:38). നാം ദൈവത്തിന് കൊടുക്കുന്നു, ദൈവം നമുക്ക് തരുന്നു. ദൈവം ആർക്കും കടക്കാരനല്ല. കുറഞ്ഞ പക്ഷം പത്തിൽ ഒന്നെങ്കിലും കർത്താവിന്റെ വേലയ്ക്കു കൊടുക്കണം. ദൈവത്തോടു നാം വിശ്വസ്തരായിരിക്കുന്നു എങ്കിൽ ദൈവം നമ്മോടും വിശ്വസ്തനായിരിക്കും “ ഔദാര്യമാനസൻ പുഷ്ടിപ്രാപിക്കും തണുപ്പിക്കുന്നവന് തണുപ്പ് കിട്ടും” (സദൃ. 11:25).

നിങ്ങൾ കൊടുക്കുമ്പോൾ ആത്മാക്കളെ നേടുന്ന വേലയ്ക്കുവേണ്ടിയാണ് കൊടുക്കുന്നതെന്ന് ഉറപ്പുവരുത്തുക. എങ്ങനെ നിങ്ങളുടെ നന്മകൾ വ്യാപാരം ചെയ്യുന്നു എന്ന് ദൈവം പരിശോധിക്കുന്നു.

“ കൊടുക്കുന്നവൻ സന്തോഷത്തോടെ കൊടുക്കണം..... സന്തോഷത്തോടെ കൊടുപ്പിൻ ” (2കൊരി. 9:7). ക്രമീകൃതമായികൊടുക്കണം. മാസംതോറും അല്ലെങ്കിൽ ആഴ്ചതോറും കൊടുക്കണം. ദൈവത്തിന്റെ വേലയ്ക്കുവേണ്ടി കൊടുപ്പിൻ. “ ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും ” (റോമ. 10:15). സുവിശേഷം ലോകത്തിൽ പ്രസംഗിക്കപ്പെടണം എങ്കിൽ ആരെങ്കിലും അതിന്റെ ചെലവു വഹിച്ചേ മതിയാവൂ. അതു വെള്ളം പോലെയാണ്. വെള്ളം സൗജന്യമാണ്. എന്നാൽ അതിന്റെ സംവിധാനങ്ങൾക്ക് പണം കൊടുക്കേണ്ടതാണ്. അതുപോലെയാണ് രക്ഷയും. അതിന്റെ വഴിയിൽ അതിനെ നാം എത്തിക്കേണ്ടതാണ്. ഭൂമിയുടെ അറ്റത്തോളവും സുവിശേഷം അറിയിക്കേണ്ടതാണ്. അപ്പോസ്തലനായ പൗലൊസിന്റെ ഭാഷയിൽ കൊടുക്കുന്നവന് അതിനുള്ള കൃപ പിന്നെ ലഭിക്കുന്നു. പുതിയനിയമ വിശ്വാസികൾ കൊടുത്ത് അനുഗ്രഹിക്കപ്പെടേണ്ടതാണ്.

7. നാം ചെയ്യുന്നത് കർത്താവായ യേശുവിന്റെ നാമത്തിൽ തന്നെയാണോ?

നാം ദൈവത്താൽ ഉപയോഗിക്കപ്പെടുന്നു എങ്കിൽ ഒരു സ്ഥലം അതിനായി കണ്ടുപിടിക്കണം അവിടെയുള്ള ആളുകളോട് ദൈവരാജ്യത്തെക്കുറിച്ച് പറയണം, നാം ചുറ്റുമുള്ള ആളുകൾ നിമിത്തം ന്യായം വിധിക്കപ്പെടരുത്. ആത്മാക്കളെ നേടുന്ന ഒരു സഭ എന്റെ വീടായിരിക്കണം. ഞാൻ സേവനം ചെയ്യുവാനായി രക്ഷിക്കപ്പെട്ടിരിക്കുന്നു. ഞാൻ കർത്താവിനു വേണ്ടി ചിലതു ചെയ്യുന്നില്ല എങ്കിൽ ദൈവം തന്ന ദർശനത്തിന് നാം അനുസരണം കാണിക്കുന്നില്ല. എന്നാൽ എനിക്കു ചിലത് ചെയ്യാൻ കഴിയും. രോഗികളെ എനിക്ക് സന്ദർശിക്കാൻ കഴിയും. സുവിശേഷ ലഘുലേഖകൾ എനിക്ക് വിതരണം ചെയ്യാൻ കഴിയും, എന്നെ പരിശോധിപ്പാൻ എനിക്കു കഴിയും.

ചിലർ വിളിക്കപ്പെടുവാൻ കാത്തിരിക്കുന്നു. അവർ സഭയിൽ ആരാധനയ്ക്ക് കൂടുന്നു. ആരാധനയിൽ സന്തോഷിക്കുന്നു. എന്നാൽ സുവിശേഷീകരണത്തിൽ ഒരു പങ്ക് വഹിക്കുന്നില്ല. അത് പാസ്റ്ററുടെ ജോലിയാണെന്ന് അവർ ചിന്തിക്കുന്നു. യഥാർത്ഥമായി രക്ഷിക്കപ്പെട്ടിരിക്കുന്ന ഒരുവൻ എന്തെങ്കിലും ദൈവത്തിനു വേണ്ടി ചെയ്യണം എന്ന് ചിന്തിക്കുന്നു. പൗലൊസിനു ലഭിച്ച നിർദ്ദേശം ശ്രദ്ധേയമാണ്. “ നീ എഴുന്നേറ്റ് പട്ടണത്തിൽ ചെല്ലുക, നീ ചെയ്യേണ്ടുന്നത് അവിടെവച്ച് നിന്നോടു പറയും എന്ന് അവൻ പറഞ്ഞു ” (അ.പ്ര. 9:6). പുതുതായി ജനിച്ചിരിക്കുന്ന ഓരോ ആത്മാവിനെക്കുറിച്ചും ഉള്ള ദൈവത്തിന്റെ അരുളപ്പാടാണത്. സ്നേഹം എന്നത് സേവനമാണ്, യഥാർത്ഥമായി കർത്താവായ യേശുക്രിസ്തുവിൽ രക്ഷിക്കപ്പെട്ടിരിക്കുന്ന ഒരുവൻ, ദൈവത്തെ സ്നേഹിക്കുന്ന ഒരുവൻ അവിടുത്തെ സേവിക്കുവാൻ തയ്യാറാവുന്നു.

പാസ്റ്ററെ കാത്തിരിക്കേണ്ടതിനു പകരം അവൻ ദൈവത്തിങ്കലേയ്ക്ക് ചെന്ന് നിർദ്ദേശങ്ങൾ പ്രാപിച്ച് കർത്താവിനുവേണ്ടി ഉത്സാഹത്തോടെ പ്രവർത്തിപ്പാൻ ഇറങ്ങിച്ചെല്ലുന്നു. ഒരു സണ്ടേസ്കൂൾ പഠിപ്പിക്കുവാനായിരിക്കും ആദ്യം ലഭിക്കുക. അങ്ങനെയെങ്കിൽ സന്തോഷത്തോടെ അധികാരികളിൽ നിന്നും അതിന് അനുവാദം വാങ്ങുന്നു. ഗാനശുശ്രൂഷയിൽ ശബ്ദം കൊടുക്കാനാണെങ്കിൽ സംഗീത ഉപകരണത്തിനു ശബ്ദം മുഴക്കാനാണെങ്കിൽ അത് സന്തോഷത്തോടുകൂടെ ഏറ്റെടുക്കുന്നു.

ചിലർ വാതിൽ കാവൽക്കാരായിട്ടായിരിക്കും വിളിക്കപ്പെടുക. ചിലർ യുവജനങ്ങളുടെയിടയിൽ പ്രവർത്തിപ്പാനും ചിലർ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കോ നിയോഗിക്കപ്പെട്ടിരിക്കാം. ചിലപ്പോൾ ദൂരദേശത്തുപോയി വേല ചെയ്യുവാനായിരിക്കാം വിളിക്കപ്പെടുന്നത്. ഒരു പൂർണ്ണസമയം വേലയ്ക്കുവേണ്ടി വിളിക്കപ്പെടാം. ഒരു കാര്യം നിശ്ചയമാണ്. യഥാർത്ഥമായി രക്ഷിക്കപ്പെട്ടിരിക്കുന്നവൻ എന്തെങ്കിലും ദൈവത്തിനുവേണ്ടി ചെയ്യു

(ശേഷം 8-ാംപേജിൽ)

(കഴിഞ്ഞ ലക്കം തുടർച്ച)

ഗൗരവതരമായ ജീവിതം

പാഠങ്ങൾ മാതാപിതാക്കളെ ആശ്രയിച്ചിരിക്കുന്നു. ദൈവത്തിൽ നിന്നും കുഞ്ഞുങ്ങളെ ലഭിച്ചിട്ട് പലപ്പോഴും ദൈവത്തിന്റെ വഴികൾ അവരെ പഠിപ്പിക്കുന്നില്ല. അവരുടെ ജീവിതത്തെ രൂപപ്പെടുത്തുവാൻ എന്താണ് അവർ ചെയ്യുന്നത്? തങ്ങളുടെ വീട്ടിലെ സ്വാധീനം എന്താണ്? ഏതു പാട്ടാണ് കുഞ്ഞുങ്ങൾ കേൾക്കെ നാം പാടുന്നത്. അവരുടെ ജീവിതങ്ങളെ പുഷ്ടിപ്പെടുത്തുവാൻ എന്ത് കാര്യങ്ങളാണ് നാം പറഞ്ഞു കൊടുക്കുന്നത്. എന്തു പുസ്തകമാണ് അവരുടെ രൂപാന്തരത്തിനും നന്മയ്ക്കും വേണ്ടി അവരുടെ കൈകളിൽ നാം വച്ചുകൊടുക്കുന്നത്.

പാഠങ്ങൾ നമുക്ക് എല്ലാവർക്കും വേണ്ടിയുള്ളതാണ്, നാം എല്ലാവരും മറ്റുള്ളവരുടെ ജീവിതങ്ങളെ പണിയുവാനുള്ളവരാണ്. നാം ഒരുമിച്ച് ഇരിക്കുമ്പോൾ ഒരുമിച്ച് നടക്കുമ്പോൾ നമ്മുടെ സംസാരങ്ങളിൽ പരസ്പരം ആത്മിക വർദ്ധന വരുത്തുവാനുള്ള എത്ര നല്ല അവസരങ്ങളാണ്! വാക്കുകൾ അത്ഭുതകരങ്ങളാണ്. അവ നാം സംസാരിക്കുന്ന വ്യക്തികളുടെ രൂപാന്തരത്തിനും അനുഗ്രഹത്തിനും കാരണമാവുന്നു. അവ സന്തോഷം നൽകുന്നു. ധൈര്യവും സന്തോഷവും ആശ്വാസവും നൽകുന്നു. ചെറിയ വാക്കുകൾ പോലും ജീവിതത്തിന്റെ ഗതിയെ മാറ്റി മറിക്കുന്നു. എന്നാൽ ചില വാക്കുകൾ വെറും ചപ്പും ചവറുമായി കാണപ്പെടുന്നു, മരം, പുല്ല്, വൈക്കോൽ. ചില സംസാരങ്ങൽ പണിയിലെ മോശം വസ്തുക്കളാണ്. പല വാക്കുകളും പാഴാക്കുകളാണ്. ചില സംസാരങ്ങൾ കൂട്ടത്തിലില്ലാത്ത ആളുകളെക്കുറിച്ചുള്ള വിമർശനങ്ങളാണ്; മറ്റുള്ളവരെ മുറിവേല്പിക്കുന്ന സംസാരങ്ങൾ പലതും കയ്പുളവാക്കുന്ന വാക്കുകളാണ്.

മറ്റു ചില പാഠങ്ങൾ നാം ശ്രദ്ധിച്ചാൽ ആ ദിവസം അതിനെ തെളിവാക്കും; അത് തീയോടെ വെളിപ്പെട്ടുവരും ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്ന് തീ തന്നെ ശോധന ചെയ്യും 1കൊരി.3:13).അതിൽ സ്വർണ്ണം, വെള്ളി, വിലയേറിയ കല്ലുകൊണ്ടുള്ള പണിനിലനിൽക്കും. മരം പുല്ല് വയ്ക്കോൽ തുടങ്ങിയവ കൊണ്ടുള്ള പണി നശിച്ചുപോകും. നാം മറ്റുള്ളവരിൽ പകർന്നുകൊടുക്കുന്ന കാര്യങ്ങൾ അവ നശിച്ചുപോകാത്ത നിലനിൽക്കുന്ന കാര്യങ്ങളാണോ? അത് പാപജീവതത്തെ മാറ്റി നല്ല ജീവിതം ചെയ്യുവാൻ പ്രാപ്തരാക്കുന്നതാണോ? ഇവിടത്തെ പ്രധാന ചോദ്യം എന്നത്, സ്വർണ്ണം, വെള്ളി, വിലയേറിയ കല്ല് എന്നിവ കൊണ്ടുള്ള പണിയാണോ? സത്യവും സ്നേഹവും അതിലുണ്ടോ?

നാം എപ്പോഴും ഒത്തുകൊള്ളേണ്ട കാര്യം എന്നത്, നാം തിടുക്കമുള്ളവരായിരിക്കണം ഉത്സാഹമുള്ളവരായിരിക്കണം എപ്പോഴും മറ്റുള്ളവർക്ക് പ്രയോജനമുള്ളത് ചെയ്യണം. നാം ചെയ്യുന്ന വേല, ദൈവത്തിനു വേണ്ടിയുള്ള നല്ല പ്രവൃത്തികളാണെങ്കിൽ അത് ലോകത്തിന് അനുഗ്രഹമായിരിക്കും. നമ്മുടെ ഓരോ പ്രവൃത്തിയും വാക്കുകളും ചിന്തയും നമ്മുടെ സ്വാധീനവും ദൈവത്തിന് പ്രസാദവും മനുഷ്യന് അനുഗ്രഹമായിത്തീരുന്നതുവരെ അടങ്ങിയിരിക്കരുത് ❖

(7-ാം പേജിന്റെ തുടർച്ച)

പരമപ്രധാനമായ ഏഴു ചോദ്യങ്ങൾ

വാൻ കഴിയുന്നത് യാതൊരു സ്വസ്തതയും ഉണ്ടായിരിക്കുന്നതല്ല.

അതുകൊണ്ടു ഞാൻ വീണ്ടും ചോദിക്കുന്നത്, ഞാൻ കർത്താവിന്റെ വേല ചെയ്യുന്നുവോ? ഞാൻ അതിൽ ഉത്സാഹമുള്ളവനാണോ? എന്റെ സമയം ദൈവത്തിന് സമർപ്പിച്ചിരിക്കുന്നുവോ? അതോ ഞാൻ ഇപ്പോഴും ഒരു വിളിക്കുവേണ്ടി കാത്തിരിക്കുന്നവൻ മാത്രമാണോ? രണ്ടുവിധത്തിലുള്ള വേലക്കാരുണ്ട് - ഉത്സാഹമുള്ള വേലക്കാർ, പേരിനു വേണ്ടി മാത്രം വേല ചെയ്യുന്നവർ. പേരിനു മാത്രം വേല ചെയ്യുന്നവർ പറയും കർത്താവേ, ഞാൻ ഇതാ ഉത്സാഹമുള്ള വേലക്കാർ പറയും കർത്താവേ എന്നെ അയയ്ക്കേണമേ. ഞാൻ ഇതിൽ ഏതുകൂട്ടത്തിലാണ്. ഞാൻ എന്തെങ്കിലും കർത്താവിനുവേണ്ടി ചെയ്യുന്നവനാണോ?

എങ്കിൽ നാം അവിടുത്തെ നിയോഗം യഥാർത്ഥമായി ഏറ്റുകൊണ്ടിരിക്കുന്നുഎങ്കിൽ, സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നിലനില്പാൻ ശ്രമിക്ക. (2തിമൊ. 2:15).നാം അവിടുത്തെ പൂണ്ണ പ്രതിഫലം പ്രാപിപ്പാനുള്ളത് ചെയ്തിരിക്കുന്നുവെങ്കിൽ നാം ആ ശബ്ദം ഇങ്ങനെ കേൾക്കും, “ നന്ന് നല്ലവനും വിശ്വസ്തനുമായ ദാസനേ, നി അല്പത്തിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും ” (മത്താ. 25:4). നാം അവിടുത്തെ ഇഷ്ടത്തിനൊത്ത് വളരുന്നു എന്ന് നമ്മെത്തന്നെ പരിശോധിച്ച് ഉറപ്പാക്കാം. ❖

(4-ാംപേജിന്റെ തുടർച്ച)

ബേസിൽ മാലോഫ് കിഴക്കൻ യൂറോപ്പിലെ ഒരു അപ്പോസ്തലൻ

സൈബീരിയയിലേയ്ക്ക് നാടുകടത്തി അവിടെവച്ച് കൊന്നു. അമേരിക്കയിൽ മാലോഫ് രൂപീകരിച്ച റഷ്യൻ ബൈബിൾ സൊസൈറ്റി ധാരാളം ബൈബിളുകളും സുവിശേഷപ്രതികളും അച്ചടിച്ചു, സുവിശേഷം സ്വതന്ത്രമായി പ്രസംഗിപ്പാൻ കഴിയാത്ത ഇടങ്ങളിൽ എത്തിച്ചു. ദൈവവചനം വായിച്ചു അനേക ആത്മാക്കൾ രക്ഷപ്രാപിച്ചു. റഷ്യൻ ബൈബിൾ സൊസൈറ്റി പിന്നീട് സ്വീഡണിൽ മാറ്റി സ്ഥാപിക്കപ്പെട്ടു. 50 വർഷക്കാലത്തെ പ്രേഷിത ദൗത്യത്തിനൊടുവിൽ 1957 -ൽ ബേസിൽ മാലൊഫ് രക്ഷകന്റെ അടുക്കലേയ്ക്ക് പറന്നുപോയി. ❖

(6-ാം പേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ സമ്പൂർണ്ണ ഉദാഹരണം

സന്തോഷത്തെക്കുറിച്ചുമുള്ള ഉദാഹരണം എത്ര മനോഹരമാണ്. ആ നാഴികയിൽ അവൻ പരിശുദ്ധാത്മാവിൽ ആനന്ദിച്ചു പറഞ്ഞത്. “ പിതാവേ സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളേവേ, നീ ഇവ ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചു ശിശുക്കൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. അതെ പിതാവേ ഇങ്ങനെ നിനക്ക് പ്രസാദം തോന്നിയല്ലോ ”. (ലൂക്കോ. 10:21). ഇവിടെ സമർപ്പണം ഏറ്റവും ശുദ്ധമായരീതിയിലായിരുന്നു. ഇവിടെ ആകാശവും ഭൂമിയും സൃഷ്ടിച്ചവൻ, എന്നാൽ തന്റെ താഴ്മയുടെ ദിവസങ്ങളിൽ, തിരസ്ക്കരണത്തിന്റെ മുഖത്ത് നന്ദിയോടും സന്തോഷത്തോടും പിതാവിന്റെ ഇഷ്ടത്തെ സമ്പൂർണ്ണമായി ശിരസാവഹിക്കുന്നു. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975